(ബി) പ്രസ്തുത പാർക്കുകൾ സ്വകാര്യ പങ്കാളിത്തത്തോടുകൂടി സംയുക്ത മേഖലയിൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി ആന്റ് ഡി) ബയോടെക്നോളജി വ്യവസായ രംഗത്ത് കേരളത്തിന്റെ വിഭവശേഷിയെ കുറിച്ച് ഒരു വിശദമായ പഠനം ന്യൂഡൽഹി ആസ്ഥാനമായുള്ള ബയോടെക്നോളജി കൺസോർഷ്യം ഇന്ത്യാ ലിമിറ്റഡ് എന്ന സ്ഥാപനത്തെ കൊണ്ട് കിൻഫ്ര നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ബയോടെക്നോളജി പാർക്കുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ പഠന റിപ്പോർട്ടിൽ താഴെ പറയുന്ന മേഖലകളിൽ ഊന്നൽ നൽകികൊണ്ടുള്ള വികസനമാണ് ശുപാർശ ചെയ്തിരിക്കുന്നത്.

(1) ആരോഗ്യ പരിപാലനം
(2) ഇൻഡസ്ട്രീയൽ ബയോടെക്നോളജി
(3) കൃഷി
(4) മറ്റുള്ളവ :
  (എ) ബയോ ഇൻഫോർമാറ്റിക്സ്
  (ബി) സ്പെഷ്യാലിറ്റി കെമിക്കൽസ്
  (സി) ബയോ ഡീഗ്രേഡബിൾ പ്ലാസ്റ്റിക്സ്

പ്രസ്തുത മേഖലകളിലെ വിപണന സാദ്ധ്യത, സാങ്കേതിക വിദ്യയുടെ ലഭ്യത, നിക്ഷേപകരുടെ താല്പര്യം, അസംസ്കൃത വസ്തുക്കളുടെ ലഭ്യത മുതലായവയെ കുറിച്ച് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

ടെക്നോപാർക്ക്

50 [504] ശ്രീ. ടി. പി. എം. സാഹിർ:
" കളത്തിൽ അബ്ദുള്ള:
" സി. മമ്മൂട്ടി:
" ഇ. ടി. മുഹമ്മദ് ബഷീർ:
" ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്കിൽ കഴിഞ്ഞ ഒരു കൊല്ലത്തിൽ പുതുതായി പ്രവർത്തനം ആരംഭിച്ച സ്ഥാപനങ്ങൾ ഏതെല്ലാം;

(ബി) ഇവയുടെ പ്രവർത്തനത്തിന് ഗവൺമെന്റ് നൽകിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാം;

(സി) ഈ സ്ഥാപനങ്ങളിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട്;

(ഡി) കൂടുതൽ പേർക്ക് നിയമനം നൽകുവാൻ സാധ്യതയുണ്ടോ;

(ഇ) എങ്കിൽ സംസ്ഥാനത്തുനിന്നും എത്ര പേർക്ക് നിയമനം ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം ടെക്നോപാർക്കിൽ കഴിഞ്ഞ ഒരു കൊല്ലത്തിൽ ഇൻകുബേഷൻ കമ്പനികൾ ഉൾപ്പെടെ ഏകദേശം 15 കമ്പനികൾ പ്രവർത്തനം ആരംഭിച്ചു. അവയുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) അന്തർദേശീയ നിലവാരത്തിലുള്ള കെട്ടിട സമുച്ചയങ്ങൾ, ഉയർന്ന നിലവാരത്തിലുള്ള വിവിധയിനം അടിസ്ഥാന സൗകര്യങ്ങൾ, മികച്ച വൈദ്യുതി, ജലം എന്നിവയുടെ സുഗമമായ ലഭ്യത, ഡാറ്റാ കണക്ടിവിറ്റി, ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ, സോഫ്റ്റ്വെയർ കോംപീറ്റൻസി സെന്റർ, വിവിധ ബാങ്കുകളുടെ എ.റ്റി.എം. സൗകര്യങ്ങൾ, സോഷ്യൽ ആക്ടിവിറ്റി, യൂണിവേഴ്സിറ്റി-ഇൻഡസ്ട്രി യോജിച്ചുള്ള പ്രവർത്തനങ്ങൾ, ഏറ്റവും മികച്ച ഉദ്യോഗാർത്ഥികളെ കണ്ടെത്താനുള്ള ടാലന്റ് - ട്രാക്ക് പ്രോഗ്രാമുകൾ തുടങ്ങി നിരവധി പദ്ധതികൾ ഐ.റ്റി. വികസനത്തിനായി ടെക്നോപാർക്കിൽ നൽകിവരുന്നു. ഇതിനുപുറമെ ഗവൺമെന്റിന്റെ ഐ. റ്റി. നയത്തിന്റെ ഭാഗമായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ഐ.ടി. മിഷൻ തുടങ്ങിയ സ്ഥാപനങ്ങൾ ഇൻവെസ്റ്റ്മെന്റ് സബ്സിഡികളും നൽകുന്നുണ്ട്.

(സി) പുതുതായി പ്രവർത്തനം ആരംഭിച്ച സ്ഥാപനങ്ങളിൽ ഏകദേശം മുന്നൂറോളം ജീവനക്കാർ ഇപ്പോഴുണ്ട്. ഇവരുൾപ്പെടെ ടെക്നോപാർക്കിൽ 7000-ത്തോളം ജീവനക്കാർ ജോലി നോക്കിവരുന്നു.

(ഡി ആന്റ് ഇ) കമ്പനികളുടെ വളർച്ച അനുസരിച്ച് കൂടുതൽ പേർക്ക് നിയമനം നൽകാനുള്ള സാദ്ധ്യതയുണ്ട്. അടുത്ത ഒരു വർഷത്തിൽ ഏകദേശം ആയിരത്തോളം പേർക്ക് നിയമനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കിൻഫ്രയുടെ അപ്പാരൽ പാർക്ക്

51 [505] ശ്രീ. കെ. പി. വിശ്വനാഥൻ:
„ തമ്പാനൂർ രവി:
„ കെ. അച്ചുതൻ:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ:
„ ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ തിരുവനന്തപുരം ജില്ലയിലുള്ള അപ്പാരൽ പാർക്കിൽ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നു; എത്ര യൂണിറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു വെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly